**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2563** **07-07-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം നിയോജക മണ്ഡലത്തിൽ ചാർജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം മണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങളുടെ എത്ര ചാർജിംഗ് സ്റ്റേഷനുകൾക്കാണ് അനുമതിയായിട്ടുള്ളത്; ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദീകരിക്കാമോ; | (എ) | മലപ്പുറം നിയോജകമണ്ഡലത്തിൽ 7 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ, സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ഉയർന്ന ജനസംഖ്യയും ഭൂവിസ്തൃതിയുമുള്ള മണ്ഡലങ്ങളിൽ കൂടുതൽ ചാർജിംഗ് സ്റ്റേഷനുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഒരു പഞ്ചായത്തിൽ ഒരു ചാർജിംഗ് സ്റ്റേഷനെങ്കിലും ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) | കേരളത്തിലുടനീളം, ഓരോ നിയോജക മണ്ഡലത്തിലും പൊതുവിൽ 5 എണ്ണം വീതവും, കോർപ്പറേഷൻ പരിധിയിൽ വരുന്ന മണ്ഡലങ്ങളിൽ 15 എണ്ണം വീതവും എന്ന തരത്തിൽ 1140 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഉയർന്ന ജനസംഖ്യയും മറ്റ് ഘടകങ്ങളും അടിസ്ഥാനപ്പെടുത്തിയാണ് ഈ രീതിയിൽ പദ്ധതി വിഭാവനം ചെയ്തത്. |
| (സി) | മലപ്പുറം മണ്ഡലത്തിലെ പൂക്കോട്ടൂർ പഞ്ചായത്തിൽ ഒരു ചാർജിംഗ് സ്റ്റേഷൻ കൂടി ആരംഭിക്കണമെന്ന എം.എൽ.എ.യുടെ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (സി) | പൂക്കോട്ടൂർ പഞ്ചായത്തിൽ അനുയോജ്യമായ സ്ഥലം പരിശോധിച്ച് ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ